84

# യെഹൂദ്യയിൽ ഉറക്കമില്ലാതെ

**വായനാ ഭാഗം #36**

VII. യേശുവിന്റെ ശുശ്രൂഷയുടെ അവസാന ആഴ്ച്ച (തുടർച്ച).

H. വെള്ളി: യേശുവിന്റെ മരണ ദിവസം (തുടർച്ച).

2. ഗെത്ത്ശമന തോട്ടം (മത്താ. 26:30, 36–46; മർക്കൊ. 14:26, 32–42; ലൂക്കൊ. 22:39–46; യോഹ. 18:1).
3. ഒറ്റിക്കൊടുക്കലും പിടിക്കലും (മത്താ. 26:47–56; മർക്കൊ. 14:43–52; ലൂക്കൊ. 22:47–53; യോഹ. 18:2–11).
4. യെഹൂദ "വിചാരണ" (രംഗം ഒന്നും രണ്ടും):
   a. രംഗം ഒന്ന്: ഹന്നാവ് പരിശോധിച്ചു (യോഹ. 18:12–14, 19–23).
   b. രംഗം രണ്ട്: കയ്യഫാവും ന്യായാധിപസഭയും ശിക്ഷ വിധിച്ചു (മത്തായി 26:57, 59–68; മർക്കൊ. 14:53, 55–65; ലൂക്കൊ. 22:54, 63–65; യോഹ. 18:24).

**മുഖവുര**

നിങ്ങൾക്ക് എപ്പോഴെങ്കിലും നിദ്രയില്ലാത്ത രാത്രി ഉണ്ടായിട്ടുണ്ടോ? ഉറക്കം വരാത്തവിധത്തിൽ നിങ്ങൾ ഒരുപക്ഷെ ഭയപ്പെടുകയോ, വേദനയുണ്ടാകുകയോ അല്ലെങ്കിൽ ഉൽക്കണ്ഠപ്പെടുകയോ ചെയ്തിരിക്കാം. ഏതാനും ഉറക്കമില്ലാത്ത രാത്രി എനിക്ക് ഉണ്ടായിട്ടുണ്ട് – നിങ്ങൾക്കും ഒരുപക്ഷെ ഉണ്ടായിക്കാണും. യേശുവിന്റെ മരണത്തിന് തൊട്ടുമുൻപ് യേശുവിനും ഉണ്ടായി ഉറക്കമില്ലാത്ത രാത്രി. ഒരു മണിക്കൂറോ മറ്റോ അവന്റെ ശിഷ്യന്മാർ ഉറങ്ങിക്കാണും (മത്തായി 26:40), എന്നാൽ അവൻ ഉറങ്ങിയില്ല. ആ രാത്രിയുടെ ആദ്യ പകുതിയിലെ യേശുവിന്റെ ചിന്തകൾ, ഉറക്കം വരുന്നതായിരുന്നില്ല; ആ രാത്രിയുടെ രണ്ടാം പാദം മുഴുവനും അവന്റെ ശത്രുക്കൾ അവനെ ഉറക്കിയില്ല.

യോഹന്നാൻ 14–17 നെ കുറിച്ചായിരുന്നു നമ്മുടെ കഴിഞ്ഞ പാഠം. ആ അദ്ധ്യായങ്ങളിൽ അവൻ സംസാരിച്ച ഓരോ വിഷയവും എവിടെ വെച്ചായിരുന്നു എന്ന് കൃത്യമായി നമുക്ക് അറിയില്ല. അദ്ധ്യായം 14 ന്റെ അവസാനം യേശു പറഞ്ഞു, "എഴുന്നേൽപിൻ, നാം പോക" (വാ. 31). ഇതു സൂചിപ്പിക്കുന്നത്, ആ സമയത്ത് അവനും ശിഷ്യന്മാരും മാളികമുറി വിട്ടുപോകയും അദ്ധ്യായങ്ങൾ, 15, 16, 17 എന്നിവയിൽ പറഞ്ഞവ ഗെത്ത്ശമനയിലേക്ക് പോയപ്പോൾ സംസാരിച്ചതുമാകാം.[1] നേരെ മറിച്ച്, "നാം പോക" എന്ന് യേശു പറഞ്ഞശേഷം അല്പ സമയം കൂടെ അവിടെ ചെലവിട്ടിരിക്കാം. ("ഞങ്ങൾ*ക്ക്* പോകണം" എന്നു പറഞ്ഞിട്ട് ഒരു മണിക്കൂർ കഴിഞ്ഞിട്ട് പോയ അതിഥി എനിക്കുണ്ടായിരുന്നു.) എങ്ങനെയായാലും, ഏതോ *ഒരു* സമയത്ത്, യേശുവും ശിഷ്യന്മാരും മുറി വിട്ട് ഗെത്ത്ശമന തോട്ടത്തിലേക്ക് പോയി (മത്തായി 26:30, 36).[2]

യേശുവിന്റെ വിപൂലീകരിച്ച പ്രസംഗങ്ങൾ അവസാനിച്ചു. അപ്പോൾ മുതൽ സുവിശേഷവിവരണ എഴുത്തുകാർ ഹൊമിലെറ്റിക്സിനു പകരം ചരിത്രം എഴുതുവാൻ തുടങ്ങി.[3] എന്നിരുന്നാലും, യേശുവിന്റെ ക്രൂശീകരണത്തിന് മുൻപുള്ള മണിക്കൂറുകളിൽ നിന്ന് ധാരാളം കാര്യങ്ങൾ നമുക്ക് പഠിക്കുവാനായിട്ടുണ്ട്.

**തകർക്കുന്ന വേദന**
**(മത്താ. 26:30, 36-46; മർക്കൊ. 14:26, 32-42;**
**ലൂക്കൊ. 22:39-46; യോഹ. 18:1, 2)**

ഗാനശുശ്രൂഷയോടെ മാളിക–മുറിയിലെ സെഷൻ അവസാനിച്ചു: “അവർ സ്തോത്രം പാടിയ ശേഷം, പുറപ്പെട്ടുപോയി ...” (മത്തായി 26:30; മർക്കൊസ് 14:26). പാരമ്പര്യമായി പെസഹ “അവസാനിപ്പിക്കുന്നത് ഹല്ലേൽ സങ്കീർത്തനത്തോടുകൂടെയാണ്[4] (സങ്കീർത്തനങ്ങൾ 115–118).”[5] ക്രിസ്തു ദൈവികത്വത്തിന്റെ ഭാഗമാകകൊണ്ട്, ഹല്ലേൽ സങ്കീർത്തനം ശ്വാസിയമാക്കുകയും (2 പത്രൊസ് 1:21) രചയിതാവ് തന്റെ തന്നെ കീർത്തനം ആലപിക്കുകയായിരുന്നു. നിങ്ങളുടെ മനസിൽ യേശുവും അപ്പൊസ്തലന്മാരും ശബ്ദം ദൈവത്തിലേക്ക് ഉയർത്തുന്നതു കാണുക; കാറ്റടിച്ച്–പരത്തുന്ന പോലെയുള്ള പുരുഷ ശബ്ദങ്ങൾ പുകഴ്ത്തലായി ഉയർന്നു. അവസാനത്തെ ഹല്ലേൽ സങ്കീർത്തനമാകാം ഒരുപക്ഷെ അവർ പാടിയത്, അത് തുടങ്ങുന്നത്, “യഹോവക്ക് സ്തോത്രം ചെയ്വിൻ അവൻ നല്ലവനല്ലൊ; അവന്റെ ദയ എന്നേക്കുമുള്ളത്” (സങ്കീർത്തനങ്ങൾ 118:1). “ക്രിസ്തുവിലുള്ള പുകഴ്ത്തൽ മനോഭാവത്തെ കെടുത്തുവാൻ ക്രൂശിന്റെ നിഴലിനായില്ല.”[6]

യജമാനൻ, തന്റെ അപ്പൊസ്തലന്മാരുമായി, ഇടുങ്ങിയ വീഥികളിലൂടെ നടന്ന്, പട്ടണവാതിലിലൂടെ കടന്ന്, കെദ്രോൻ താഴ്വരയിലൂടെ,[7] ഒലിവ് മലയുടെ ചെരുവിലൂടെ നടന്ന് കയറി (യോഹന്നാൻ 18:1; ലൂക്കൊസ് 22:39). അവർ അവിടെ “ഗെത്ത്ശമന” എന്നു വിളിക്കുന്ന സ്ഥലത്തെത്തി[8] (മത്തായി 26:36; മർക്കൊസ് 14:32), “യേശുവും ... ശിഷ്യന്മാരും പലപ്പോഴും കൂടിവന്നിരുന്ന” ഒരു “തോട്ടം” ആയിരുന്നു അത് (യോഹന്നാൻ 18:1, 2; ലൂക്കൊസ് 21:37). സുവർണ്ണ വാതിലിന് നേരെ കിഴക്കായി അര മൈലകലെയായിട്ടായിരുന്നു പരമ്പരാഗതമായ ഗെത്ത്ശമന – എന്ന ചുറ്റും മതിലുള്ള, എഴുപത്തി–അഞ്ചോ മറ്റോ ഒലിവു വൃക്ഷങ്ങളോടുകൂടിയ എഴുപതു വാര ചതുരാകൃതിയിലുള്ള തോട്ടം.[9] ‘‘ഗെത്ത്ശമന’’ ഗ്രീക്ക് പദം മാറ്റി ഉപയോഗിച്ചതാണ് (എബ്രായ ഭാഷയിൽനിന്നോ അല്ലെങ്കിൽ അരാമ്യഭാഷയിൽനിന്നോ എടുത്തതാണ്) അർത്ഥം ‘‘ഓയിൽ പ്രസ്’’ സ്പഷ്ടമായും, ഒലിവ് വൃക്ഷങ്ങളുടെ വിളവെടുപ്പുകാലത്ത് ഒലിവെണ്ണ ആട്ടുന്ന മലയായതുകൊണ്ടായിരുന്നു ആ മലക്ക് ഒലിവ് മല എന്ന പേർ വരുവാനുമിടയായത്.

ക്രിസ്തു തന്റെ എട്ടു ശിഷ്യന്മാരെ (മത്തായി 26:36), “പരീക്ഷയിലകപ്പെടാതിരിപ്പാൻ പ്രാർത്ഥിപ്പിൻ” എന്ന് പ്രബോധിപ്പിച്ചിട്ട് പോയി (ലൂക്കൊസ് 22:40). പിന്നെ പത്രൊസിനേയും യാക്കൊബിനേയും യോഹന്നാനെയും കൂട്ടി (മത്തായി 26:37; മർക്കൊസ് 14:33), അധികം തണലുള്ള ഭാഗത്തേക്ക് നീങ്ങിപ്പോയി[10] വരുവാനിരിക്കുന്ന ശാരീരികവും ആത്മികവുമായ വേദന നിമിത്തം, “അവൻ ഭ്രമിപ്പാനും വ്യാകുലപ്പെടുവാനും തുടങ്ങി” (മർക്കൊസ് 14:33). അവൻ തന്റെ മൂന്നു സ്നേഹിതന്മാരോട് പറഞ്ഞു, “എന്റെ ഉള്ളം പ്രാണ

വേദനപോലെ അതി ദുഃഖിതമായിരിക്കുന്നു ... ; ഇവിടെ താമസിച്ച് എന്നോടുകൂടെ ഉണർന്നിരിപ്പിൻ" (മത്തായി 26:38).

അവൻ തോട്ടത്തിൽ കുറെക്കൂടെ മുൻപോട്ട് പോയി "കവിണ്ണുവീണു[11] പിതാവേ, കഴിയുമെങ്കിൽ ഈ പാനപാത്രം എങ്കൽനിന്ന് നീങ്ങിപോകേണമേ" (മത്തായി 26:39; മർക്കൊസ് 14:35, 36; ലൂക്കൊസ് 22:42 നോക്കുക). "ഈ പാനപാത്രം" എന്നത് അവന്റെ മരണവും അതിനോട് ബന്ധപ്പെട്ടതെല്ലാം സൂചിപ്പിക്കുന്നതാണ്.[12] പിന്നെ അവൻ കൂട്ടിച്ചേർത്തു, "എങ്കിലും ഞാൻ ഇഛിക്കുംപോലെ അല്ല, നീ ഇഛിക്കുംപോലെ ആകട്ടെ" (മത്തായി 26:39).

അവൻ പത്രൊസിന്റേയും, യാക്കൊബിന്റേയും, യോഹന്നാന്റേയും അടുക്കൽ മടങ്ങിവന്നപ്പോൾ അവർ ഉറങ്ങുന്നതായി കണ്ടു (മത്തായി 26:40). നിരാശയുടെ ശബ്ദം അവന്റെ വാക്കുകളിൽ നിഴലിട്ടിരുന്നു, "ഒരു നാഴിക പോലും ഉണർന്നിരിപ്പാൻ നിങ്ങൾക്ക് കഴിഞ്ഞില്ലയോ?" (മർക്കൊസ് 14:37).

ക്രിസ്തു തോട്ടത്തിന്റെ മുഖ്യഭാഗത്തേക്ക് പോയി തന്റെ പ്രാർത്ഥന തുടർന്നു: "പിതാവേ, ഞാൻ കുടിക്കാതെ അതു നീങ്ങിക്കൂടാ എങ്കിൽ നിന്റെ ഇഷ്ടം ആകട്ടെ" (മത്തായി 26:42). അവൻ എഴുന്നേറ്റ് ആ മൂന്ന് ശിഷ്യന്മാരുടെ അടുക്കൽ ചെന്നു – വീണ്ടും അവർ ഉറങ്ങുന്നതായി അവൻ കണ്ടു (മത്തായി 26:43). എന്തുകൊണ്ട് അവർക്ക് ഉണർന്നിരിപ്പാൻ കഴിഞ്ഞില്ല എന്ന് അവൻ ചോദിച്ചതിന്,[13] "എന്തുത്തരം പറയണമെന്ന് അവർക്ക് അറിയില്ലായിരുന്നു" (മർക്കൊസ് 14:40). ഉണർന്നിരിപ്പാൻ കഴിയാഞ്ഞതിൽ അവർ ലജ്ജിക്കപ്പെടുകയും എങ്ങനെ ക്ഷമാപണം നടത്തണമെന്ന് അവർ അറിഞ്ഞിരുന്നില്ല. "അവരുടെ കണ്ണുകൾ ഭാരപ്പെട്ടിരുന്നതായി" മർക്കൊസ് ശ്രദ്ധിച്ചു (മർക്കൊസ് 14:40), എന്നാൽ ലൂക്കൊസ് പറഞ്ഞത് "അവർ വിഷാദത്താൽ ഉറങ്ങി"[14] എന്നാണ് (ലൂക്കൊസ് 22:45).

ആ രംഗം നിങ്ങളുടെ മനസിലേക്ക് കൊണ്ടുവന്നാൽ, ക്രിസ്തു പോയ ഉടനെ പത്രൊസും, യാക്കൊബും, യോഹന്നാനും കിടന്ന് ഉറങ്ങി എന്നു വിചാരിക്കരുത്. മറിച്ച്, അവർ ഉറക്കത്തോട് മല്ലിട്ടു, പരാജയപ്പെട്ടു, കൺപോളകൾക്ക് ഘനം കൂടി കൂടി വന്നു, ഒടുവിൽ തറയിലിരുന്ന് മയങ്ങി പോയി. അതെ അവർ ഉണർന്നിരിക്കേണ്ടവരായിരുന്നു, എന്നാൽ അവർ ശാരീരികമായും വൈകാരികമായും തളർന്നിരുന്നു എന്ന് മനസിലാക്കുക.

മൂന്നാമതും, യേശു അവരെ വിട്ട് പ്രാർത്ഥിപ്പാൻ പോയി: "പ്രാണവേദനയിലായി അതി ശ്രദ്ധയോടെ പ്രാർത്ഥിച്ചു; അവന്റെ വിയർപ്പ് നിലത്തു വീഴുന്ന വലിയ ചോരത്തുള്ളി പോലെ ആയി" (ലൂക്കൊസ് 22:44). എബ്രായലേഖകൻ പറഞ്ഞു, "ഉറച്ച നിലവിളിയോടും കണ്ണുനീരോടും കൂടെ അപേക്ഷയും അഭയയാചനയും കഴിച്ചു" (എബ്രായർ 5:7). അവന്റെ പ്രാർത്ഥനക്ക് മറുപടിയായി, "അവനെ ശക്തിപ്പെടുത്തുവാൻ സ്വർഗ്ഗത്തിൽനിന്ന് ഒരു ദൂതൻ അവന്ന് പ്രത്യക്ഷനായി" (ലൂക്കൊസ് 22:43).[15]

ക്രിസ്തു മൂന്നാം പ്രാവശ്യം തന്റെ ശിഷ്യന്മാരുടെ അടുക്കൽ മടങ്ങി വന്നപ്പോൾ, അവന്റെ ആന്തരിക കുഴപ്പം നിന്നുപോയിരുന്നു. അവൻ തന്റെ ശിഷ്യന്മാരോട് പറഞ്ഞു, "ഇനി ഉറങ്ങി ആശ്വസിച്ചുകൊൾവിൻ?[16] ഇതാ, നാഴിക അടുത്തു[17] മനുഷ്യപുത്രൻ പാപികളുടെ കയ്യിൽ ഏല്പിക്കപ്പെടുന്നു ... [ഇ] താ, എന്നെ കാണിച്ചുകൊടുക്കുന്നവൻ അടുത്തിരിക്കുന്നു!" (മത്തായി 26:45, 46).

## പൈശാചികമായി ബന്ധിക്കൽ
## (മത്താ. 26:47-56; മർക്കൊ. 14:43-52;
## ലൂക്കൊ. 22:47-53; യോഹ. 18:2-11)

ക്രിസ്തു സംസാരിച്ചുകൊണ്ടിരുന്നപ്പോൾ തന്നെ, വളരെയധികം പുരുഷാരം തടിച്ചുകൂടി – ഒരുപക്ഷെ നൂറു കണക്കിനാളുകൾ (മത്തായി 26:47; മർക്കൊസ് 14:43; ലൂക്കൊസ് 22:47). യൂദാ ആയിരുന്നു ആ കുലപാതക പുരുഷാരത്തെ നയിച്ചിരുന്നത്.[18]

മറ്റു ശിഷ്യന്മാരെല്ലാം ഉറങ്ങിപ്പോയി, എന്നാൽ യൂദാ ഉറങ്ങിയില്ല. അവൻ ന്യായാധിപസഭയുമായുണ്ടാക്കിയ കരാർ നിറവേറ്റുവാനായി, അവൻ അവരെ യജമാനന്റെ അടുക്കലേക്ക് നയിച്ചു (പ്രവൃത്തികൾ 1:16 നോക്കുക). ആദ്യം ഒരുപക്ഷെ അവൻ മാളികമുറിയിൽ പോയി പരിശോധിച്ചു കാണും.[19] അവസാനം, തന്നോടും മറ്റ് അപ്പൊസ്തലന്മാരോടും കൂടെ യേശു പലപ്പോഴും പോകാറുള്ള ഒലിവ് മലയിലേക്ക് ക്രിസ്തുവിന്റെ ശത്രുക്കളെ നയിച്ചുകൊണ്ട് പോയി (യോഹന്നാൻ 18:2).

യൂദയോടൊപ്പം "വലിയോരു പുരുഷാരം" ഉണ്ടായിരുന്നു, "അവർ മഹാപുരോഹിതന്മാർ, ശാസ്ത്രിമാർ, മൂപ്പന്മാർ എന്നിവരിൽ പെട്ടവരായിരുന്നു." (മത്തായി 26:47; മർക്കൊസ് 14:43) – അതായത്, ന്യായാധിപസഭ.[20] പുരുഷാരത്തിൽ "മഹാപുരോഹിതന്മാരിൽ" "ദൈവാലയ ഉദ്യോഗസ്ഥരും" ഉൾപ്പെട്ടിരുന്നു (ലൂക്കൊസ് 22:52; യോഹന്നാൻ 18:3). അവർ ദൈവാലയത്തിലെ സുരക്ഷാ സൈന്യമായിരുന്നു,[21] അവരെ നിലനിർത്തിയിരുന്നത് ന്യായാധിപസഭയായിരുന്നു. അക്കൂട്ടത്തിൽ സംഭവിക്കുവാനിടയായത് ഒരു കൂട്ടം റോമാ പടയാളികളും ഉൾപ്പെട്ടിരുന്നത് നമ്മെ അതിശയിപ്പിക്കുന്നു. യേശുവിനെ അറസ്റ്റ് ചെയ്യുന്നതിനു സഹായിക്കണമെന്ന് ന്യായാധിപസഭ റോമാക്കാരോട് ആവശ്യപ്പെട്ടിരിക്കാം.[22] യോഹന്നാൻ പറഞ്ഞതനുസരിച്ച്, ക്രിസ്തുവിനെ പിടിക്കുവാൻ വന്നവരിൽ "റോമാ പട്ടാളവും, സഹസ്രാധിപനും ചേവകരും" ഉണ്ടായിരുന്നു (യോഹന്നാൻ 18:12; വാ. 3 നോക്കുക). ഒരു റോമൻ പട്ടാളത്തിൽ സാധാരണ അറുനൂറ് പടയാളികളുണ്ടാകും.[23] അത്രയും പേർ യേശുവിനെ പിടിക്കുവാൻ വന്നിരിക്കയില്ല. മത്തായി പറഞ്ഞതനുസരിച്ച് "വലി*യോരു* കൂട്ടം" തോട്ടത്തിലേക്ക് വന്നു (മത്തായി 26:47; എംഫസിസ് മൈൻ). ഒരുപക്ഷെ അസംഖ്യം പേരുണ്ടായിരുന്നേക്കാം. ഇവരും ആയുധ ധാരികളായിരുന്നവർ "വാളും വടികളും" തുടങ്ങിയ "ആയുധങ്ങളുമായി" വന്നു (യോഹന്നാൻ 18:3; മത്തായി 26:47, 55; മർക്കൊസ് 14:43, 48; ലൂക്കൊസ് 22:52).[24]

ഒരാളെ പിടിക്കുവാൻ അത്രയും പേരെ അയച്ചത് എന്തിന്? "ആ മനുഷ്യനെ പിടിക്കുവാൻ കഴിയുകയില്ല" എന്ന് അവരോട് ഒരുപക്ഷെ പറഞ്ഞിരിക്കാം (യോഹന്നാൻ 7:30, 44; 10:39 നോക്കുക). അവൻ അത്ഭുതം പ്രവർത്തിക്കുന്നവനെന്ന ഖ്യാതി അവർ തീർച്ചയായും കേട്ടിരിക്കും; അവന് ഒരു വാക്ക് കൊണ്ട് അത്തിയെ ഉണക്കുവാൻ കഴിയുമെന്ന് പോലും ഒരുപക്ഷെ അവരോട് പറഞ്ഞിരിക്കാം (മത്തായി 21:19 നോക്കുക). കാരണം എന്തായാലും ആ കാഴ്ച്ച അസംബന്ധമായ ഒന്നായിരുന്നു: നൂറു കണക്കിന് ആയുധ ധാരികൾ ഒരിക്കലും ആരെയും ഉപദ്രവിച്ചിട്ടില്ലാത്തവനെ പിടിക്കുവാൻ വന്നിരിക്കുന്നു. ഒരു ചെകിട്ടത്ത് അടിച്ചാൽ മറ്റേതു കാണിച്ചുകൊടുക്ക എന്ന് തന്റെ അനുയായികളെ പഠിപ്പിച്ചവനാണ് (മത്തായി 5:39).

യേശുവിനെ തിരിച്ചറിയാവുന്ന അടയാളം യൂദാ മുൻകൂട്ടി അറിയിച്ചിരുന്നു: ഒരു ശിഷ്യൻ തന്റെ ഗുരുവിനെ, കവിളിൽ ചുംബിച്ച് വന്ദനം ചെയ്യും (മത്തായി 26:48; മർക്കൊസ് 14:44). അത്തരം വഞ്ചനയുടെ ആവശ്യം ക്രിസ്തു തള്ളിക്കളഞ്ഞു. അവൻ ചോദിച്ചു, ''നിങ്ങൾ ആരെ തിരയുന്നു?'' (യോഹന്നാൻ 18:4). "നസറായനായ യേശുവിനെ" എന്ന് അവർ പറഞ്ഞപ്പോൾ, "അതു ഞാൻ തന്നെ" എന്ന് ധൈര്യത്തോടെ അവൻ ഉത്തരം പറഞ്ഞു (യോഹന്നാൻ 18:5).

അവൻ അതു പറഞ്ഞപ്പോൾ അവനെ പിടിക്കുവാൻ വന്ന–വർ "അവർ പിൻവാങ്ങി നിലത്ത് വീണു" (യോഹന്നാൻ 18:6). അവരുടെ പിൻവാങ്ങൽ കർത്താവിന്റെ ദൈവികശക്തി പ്രദർശനം ആയിരുന്നേക്കാം. അവന്റെ ദൈവിക സാന്നിധ്യത്താൽ, അമ്പരപ്പ് കൊണ്ടുണ്ടായ പ്രതികരണമാകാനാണ് കൂടുതൽ സാധ്യത.[25] ജി. ഹാൾ റ്റോഡ് എഴുതി, "അവർ അവന്റെ മുൻപിൽ, അതിശയിക്കയും, ലജ്ജിക്കപ്പെടുകയും, അരക്ഷിതാവസ്ഥയിലാവുകയും ചെയ്തു എന്ന അവസ്ഥയിലായി. അവന്റെ വിശുദ്ധിയുടെ നൈർമ്മല്യ പ്രകാശം അവരുടെ ആത്മാക്കളിൽ കുറ്റമുണർത്തി ... അവനെ കെണിയിൽ പിടിക്കാമെന്നാണ് അവർ വിചാരിച്ചത്, എന്നാൽ അവരാണ് ഇപ്പോൾ കെണിയിലായത്."[26]

സംഭ്രമിച്ചവരായ പുരുഷാരം വന്ന ദൗത്യം അവരെ ഓർപ്പിച്ചത് ക്രിസ്തു ആയിരുന്നു. വീണ്ടും, അവൻ ചോദിച്ചു, "നിങ്ങൾ ആരെ തിരയുന്നു?" അവർ ആവർത്തിച്ചു, "നസറായനായ യേശുവിനെ" (യോഹന്നാൻ 18:7). യേശു പറഞ്ഞു, "ഞാൻ തന്നെ എന്നു നിങ്ങളോട് *പറഞ്ഞുവല്ലോ*" (യോഹന്നാൻ 18:8; എംഫസിസ് മൈൻ). പിന്നെ, പതിനോരുവരെ ചൂണ്ടി, അവൻ കൂട്ടിച്ചേർത്തു, "... എന്നെയാകുന്നു നിങ്ങൾ തിരയുന്നതെങ്കിൽ, ഇവർ പൊയ്ക്കൊള്ളട്ടെ" (യോഹന്നാൻ 18:8). അവൻ *തന്റെ* സുരക്ഷയെയല്ല, പിന്നെയോ തന്റെ ശിഷ്യന്മാരുടെ സുരക്ഷയെക്കുറിച്ചാണ് അവന് കരുതലുള്ളത്.

കർത്താവ് തന്നെത്തന്നെ തിരിച്ചറിയിച്ചതുകൊണ്ട് യൂദായുടെ അടയാളത്തിനു അവിടെ വലിയ പ്രസക്തിയുണ്ടായില്ല – എന്നാൽ ആ മുൻ ശിഷ്യൻ മുൻനിശ്ചയിച്ച പണം സമ്പാദിക്കണമായിരുന്നല്ലോ. "ഉടനെ അവൻ യേശുവിന്റെ അടുക്കൽ വന്ന് 'റബ്ബീ!' വന്ദനം എന്നു പറഞ്ഞു അവനെ ചുംബിച്ചു" (മത്തായി 26:49). ക്രിസ്തു ദുഃഖത്തോടെ ചോദിച്ചു, "യൂദയേ മനുഷ്യപുത്രനെ ചുംബനം കൊണ്ടോ കാണിച്ചുകൊടുക്കുന്നത്?" (ലൂക്കൊസ് 22:48). പിന്നെ അവൻ കൂട്ടിച്ചേർത്തു, "സ്നേഹിതാ,[27] നീ വന്ന കാര്യം ചെയ്ക" (മത്തായി 26:50).

യൂദാ യേശുവിന്റെ അടുത്തേക്ക് പോയപ്പോൾ പുരുഷാരം ഒരുപക്ഷെ ആശങ്കയോടെ ആയിരിക്കാം നോക്കിയത്: ആ അത്ഭുത പ്രവർത്തകൻ എന്തു ചെയ്യും? എങ്ങനെയായാലും, യൂദായ്ക്ക് അപകടം ഒന്നും സംഭവിക്കാതിരുന്നതു കണ്ടപ്പോൾ, അവരുടെ ആത്മവിശ്വാസം മടങ്ങിവന്നു. അവർ മുൻപോട്ട് വന്ന്, "യേശുവിന്മേൽ കൈവെച്ചു," "അവനെ പിടിച്ചു" (മത്തായി 26:50; യോഹന്നാൻ 18:12).[28] ആ നിമിഷം മുതൽ അവന്റെ മരണം വരെ യേശുവിന്റെ കൈകൾ സ്വതന്ത്രമായിരുന്നില്ല: അവന്റെ കൈകൾ ഒന്നുകിൽ കയർകൊണ്ട് അല്ലെങ്കിൽ ആണികൊണ്ട് ബന്ധിച്ചിരുന്നു (മർക്കൊസ് 15:1; യോഹന്നാൻ 18:12, 20:25).

യേശുവിനോടുകൂടെ മരിക്കുവാൻ തയ്യാറാണെന്ന് അവന്റെ ശിഷ്യന്മാർ കാണിച്ചു (മർക്കൊസ് 14:31). ഇപ്പോൾ, അവർ തങ്ങളുടെ വാഗ്ദാനം പാലി

ക്കുവാൻ തയ്യാറായി (ലൂക്കൊസ് 22:49). പത്രൊസ് തന്റെ വാൾ ഊരി[29] "മഹാപുരോഹിതന്റെ ദാസന്റെ[30] വലത്തെ കാത് അറുത്തു" (യോഹന്നാൻ 18:10). അപ്പൊസ്തലൻ ഒരുപക്ഷെ അവന്റെ തല ഛേദിക്കുവാനായിരിക്കാം ഉദ്ദേശിച്ചത് – പക്ഷെ അവൻ തല വെട്ടിച്ചു. ആരോ പറഞ്ഞു, "ഒരു വാൾക്കാരനായി, പത്രൊസ് നല്ല ഒരു മുക്കുവൻ ആയിരുന്നു."

യേശുവിന് പെട്ടെന്ന് പ്രതികരിക്കേണ്ടി വന്നു, അല്ലെങ്കിൽ വലിയ കുഴപ്പം സംഭവിക്കുമായിരുന്നു. തോട്ടം പത്രോസിന്റേയും മറ്റു അപ്പൊസ്തലന്മാരുടേയും രക്തത്താൽ നനയുമായിരുന്നു. കർത്താവ് പത്രോസിനോട് ഉറക്കെ പറഞ്ഞു, "നിർത്ത്! ഇത്രെക്ക് വിടുവിൻ"; "വാൾ ഉറയിൽ ഇടുക, വാൾ എടുക്കുന്നവൻ ഒക്കെയും വാളാൽ നശിച്ചുപോകും" (ലൂക്കൊസ് 22:51; മത്തായി 26:52). ആത്മിയ യുദ്ധം ഒരിക്കലും ഭൗതികമായ ആയുധങ്ങളാൽ നടത്തേണ്ടതല്ല (2 കൊരിന്ത്യർ 10:3, 4; യോഹന്നാൻ 18:36 നോക്കുക). പത്രൊസിന്റെ ഉദ്ദേശം നല്ലതായിരുന്നു, എന്നാൽ "അവൻ തെറ്റായ സമയത്ത്, തെറ്റായ ഉദ്ദേശത്തിന്, തെറ്റായ ലക്ഷ്യത്തിൽ, തെറ്റായ ആയുധം ഉപയോഗിച്ചു."[31]

പ്രതിരോധം ഏർപ്പെടുത്തണമായിരുന്നുവെങ്കിൽ, വാളു–കളുള്ള മനുഷ്യരേക്കാൾ കൂടുതൽ ശക്തി യേശുവിന് ഉണ്ടായിരുന്നു. "എന്റെ പിതാവിനോട് ഇപ്പോൾ തന്നെ പന്ത്രണ്ട് ലെഗ്യോനിലും അധികം ദൂതന്മാരെ എന്റെ അരികെ നിറുത്തേണ്ടതിന്ന് എനിക്ക് അപേക്ഷിച്ചുകൂടാ എന്നു തോന്നുന്നുവോ?" (മത്തായി 26:53). മുഴുവൻ–ശക്തിയുള്ള ഒരു ലെഗ്യോനിൽ ആറായിരം പടയാളികളുണ്ടാകും. അവനെ പിടിക്കുവാൻ വന്ന നൂറു കണക്കിന് ആളുകളെ നേരിടുവാൻ എഴുപത്തി–രണ്ടായിരം ദൂതന്മാർ വേണ്ടതിലധികമായിരുന്നു![32]

ക്രിസ്തു "പന്ത്രണ്ട്" എന്ന സംഖ്യ ഉപയോഗിക്കുവാൻ കാരണം അവനും പതിനൊന്ന് അപ്പൊസ്തലന്മാരും ചേർന്ന് മൊത്തം പന്ത്രണ്ടുപേരായിരുന്നതുകൊണ്ടാണെന്ന് പറയപ്പെട്ടിട്ടുണ്ട്: ഓരോരുത്തരെ സംരക്ഷിക്കുവാൻ ഓരോ ലെഗ്യോൻ. വലിയ ഒരു സൈന്യമുണ്ട് എന്ന് ഒരുപക്ഷെ ആലങ്കാരികമായി ആ സംഖ്യ ഉപയോഗിച്ചതാകാം. കർത്താവ് ഉപയോഗിച്ചത് മുൻപ് അവൻ പറഞ്ഞ പോയിന്റായിരുന്നു: അവൻ സ്വയമായി ഏല്പിച്ചു കൊടുക്കാതെ ഒരു മനുഷ്യനോ ഒരു സംഘടനക്കോ, ശക്തിക്കോ അവന്റെ ജീവൻ എടുക്കുവാൻ സാധ്യമല്ല (യോഹന്നാൻ 10:17, 18; ഗലാത്യർ 2:20 നോക്കുക).[33]

പത്രൊസിനെ ശാസിച്ച ശേഷം,[34] യേശു ബന്ധിച്ചിരുന്ന തന്റെ കൈകൾ നീട്ടി ആ ദാസന്റെ മുറിവേറ്റ കാതു, "തൊട്ടു സൗഖ്യമാക്കി"[35] (ലൂക്കൊസ് 22:51). അവന്റെ ആ പ്രവൃത്തി സ്ഫോടകാത്മകമായ ഒരു സാഹചര്യം ഒഴിവാക്കി. മരിക്കുന്നതിനു മുൻപ് കർത്താവ് നടത്തിയ അവസാന അത്ഭുത സൗഖ്യമാക്കലായിരുന്നു അത്.

ക്രിസ്തു തന്നെ പിടുക്കുവാൻ വന്നവരിലേക്ക് തിരിഞ്ഞു പറഞ്ഞു, "ഒരു കള്ളന്റെ നേരെ എന്ന പോലെ നിങ്ങൾ വാളും വടിയുമായി പുറപ്പെട്ടു വന്നുവോ? ഞാൻ ദിവസേന ദൈവാലയത്തിൽ നിങ്ങളോടുകൂടെ ഇരുന്നിട്ടും എന്റെ നേരെ കൈ ഓങ്ങിയില്ല. എന്നാൽ ഇതു നിങ്ങളുടെ നാഴികയും ഇരുളിന്റെ അധികാരവും ആകുന്നു" (ലൂക്കൊസ് 22:52, 53). ആ പ്രസ്താവനയിലെ അവസാന വാക്കുകളുടെ അർത്ഥം "ഇതു നിങ്ങളുടെ വിജയസമയ

മാണ്, ഇരുളിന്റെ അധികാരം വിജയിച്ചു എന്ന് തോന്നിപ്പിക്കുന്ന നാഴിക."[36] എൻഐവിയിൽ "ഇതു നിങ്ങളുടെ നാഴിക – ഇരുൾ വാഴുമ്പോൾ."

അപ്പോഴേക്ക്, യേശുവിന്റെ ശിഷ്യന്മാർക്ക് ശാരീരിക യുദ്ധം തീർച്ചയില്ലായിരുന്നു. വിഫലരും, നിരുൽസാഹരും, ഭയചകിതരുമായ അവർ ക്രിസ്തുവിനെ വിട്ട് അവൻ പറഞ്ഞതുപോലെ ചിതറിപ്പോയി (മത്തായി 26:56; വാക്യം 31) പത്രോസും യോഹന്നാനും അറസ്റ്റ്സംഘത്തെ "ദൂരെ മാറി" പിൻഗമിച്ചു (മത്തായി 26:58; മർക്കൊസ് 14:54; ലൂക്കൊസ് 22:54; യോഹന്നാൻ 18:15 നോക്കുക), എന്നാൽ, പ്രായോഗികമായ എല്ലാ കാര്യങ്ങൾക്കും, യേശു തനിച്ചായി (തീർച്ചയായും അവൻ തനിച്ചായിരുന്നില്ല, പിതാവ് അവനോടുകൂടെ ഉണ്ടായിരുന്നു [യോഹന്നാൻ 16:32].)

വെറും ശരീരത്തോടെ പുതപ്പു പുതച്ചു ഒരു മനുഷ്യൻ അവനെ അനുഗമിച്ചതായും, അവനെ പിടിച്ചപ്പോൾ അവൻ പുതപ്പ് വിട്ട് നഗ്നനായി ഓടിപ്പോയതുമായ, ഒരു അസാധാരണ സംഭവം മർക്കൊസ് പറയുന്നുണ്ട് (മർക്കൊസ് 14:51, 52). മിക്ക എഴുത്തുകാരും വിചാരിക്കുന്നത് അത് മർക്കൊസ് തന്നെ ആയിരുന്നു എന്നാണ്.[37] സത്യം സാക്ഷീകരിക്കുന്ന മർക്കൊസിന്റെ രീതിയായിരിക്കാം അത്; "ഞാൻ അവിടെ ഉണ്ടായിരുന്നു, അതുകൊണ്ട് എനിക്ക് അറിയാം" എന്ന് അന്തർലീനമാക്കിയതാകാം. ഫലത്തിൽ, മർക്കൊസ് ഉദ്ദേശിച്ചത്, "ശിഷ്യന്മാരെ അത്ര മോശക്കാരായി വിധിക്കരുത്, നിങ്ങൾ അവിടെയുണ്ടായിരുന്നു എങ്കിൽ നിങ്ങളും, ജീവനെ ഭയന്ന് ഓടി പോകും, എനിക്ക് അറിയാം, ഞാൻ അങ്ങനെ ചെയ്തതാണ്."

## നിരാശാജനകമായ കുറ്റം ചുമത്തൽ
## (മത്താ. 26:57, 59-68; മർക്കൊ. 14:53, 55-65; ലൂക്കൊ. 22:54, 63-65; യോഹ. 18:12-14, 19-24)

ക്രിസ്തുവിനെ തോട്ടത്തിൽ വെച്ച് അറസ്റ്റ് ചെയ്തപ്പോൾ അർദ്ധരാത്രിയോ അതിനുശേഷമോ ആയി കാണും.[38] അവർ അവനെ ബന്ധിച്ച്, ഇരുട്ടിൽ യെരുശലേമിലെ വീഥികളിലൂടെ നടത്തിക്കൊണ്ടുപോയി. അവർ അവനെ ആദ്യം ഹന്നാവിന്റെ അടുക്കലേക്കാണ് കൊണ്ടുപോയത് (യോഹന്നാൻ 18:13).[39]

യേശുവിനെ ആദ്യം യെഹൂദന്മാരുടെ മുൻപിലും പിന്നെ റോമാക്കാരുടെ മുൻപിലും വിചാരണ ചെയ്യപ്പെട്ടു. ഓരോ "വിചാരണക്കും" മൂന്നു ഘട്ടമുണ്ടായിരുന്നു. "വിചാരണ" എന്ന വാക്ക് ഞാൻ ഉദ്ധരണിയിലാണ് കൊടുത്തിരിക്കുന്നത് കാരണം രണ്ടും നീതിയെ പരിഹസിക്കുന്നതായിരുന്നു. യെഹൂദന്മാരുടെ "വിചാരണ" യിൽ കുറ്റമോ നിരപരാധിത്വമോ തീരുമാനിക്കപ്പെട്ടിരുന്നില്ല. യെഹൂദപ്രമാണിമാർ യേശുവിന് മരണശിക്ഷ വിധിച്ചു കഴിഞ്ഞിരുന്നു (യോഹന്നാൻ 11:47–53; മത്തായി 26:4; മർക്കൊസ് 14:1 നോക്കുക); അവർ യേശുവിനെ "വിചാരണ" ചെയ്തത് ന്യായം നടപ്പാക്കുന്നതിനായിരുന്നില്ല, മറിച്ച് തങ്ങളുടെ ന്യായീകരണത്തിനു വേണ്ടിയായിരുന്നു – അവർ മുൻപ് തീരുമാനിച്ചു–റപ്പിച്ചതിനെ ന്യായീകരിക്കുവാനായിരുന്നു (മത്തായി 26:59; മർക്കൊസ് 14:55 നോക്കുക).

യെഹൂദ "വിചാരണ'' യുടെ ആദ്യ ഘട്ടം ഹന്നാവിന്റെ പരിശോധനയായിരുന്നു. "ഹന്നാവ്"[40] മഹാപുരോഹിതനായിരുന്ന, കയ്യഫാവിന്റെ അമ്മായി–അപ്പനാ–യിരുന്നു (യോഹന്നാൻ 18:13). "വലേറിയസ് ഗ്രേറ്റസ് എന്ന

റോമൻ ദേശാധിപതി സ്ഥാനഭ്രഷ്ടനാക്കുന്നതിന് മുൻപ് ഹന്നാവ് തന്നെയും ഏ. ഡി. 6–15 വരെ മഹാപുരോഹിതനായിരുന്നു."[41] ന്യായപ്രമാണം അനുസരിച്ച്, മഹാപുരോഹിത പദവി ആയുഷ്ക്കാലമാകകൊണ്ട്, പലരും ഹന്നാവിനെ അപ്പോഴും മഹുപുരോഹിതനായി തന്നെ കണക്കാക്കിയിരുന്നു.[42] നമ്മുടെ പരിഗണനക്കുള്ള വേദഭാഗത്തിൽ ഹന്നാവും കയ്യഫാവും "മഹാപുരോഹിതന്മന്മാരായി" സൂചിപ്പിച്ചിരിക്കുന്നു (യോഹന്നാൻ 18:13, 19, 22, 24; പ്രവൃത്തികൾ 4:6 നോക്കുക).[43] "ഹന്നാവിന്റേയും കയ്യഫാവിന്റേ*യും* മഹാപൗരോഹിത്യത്തെ" കുറിച്ച് ലൂക്കൊസ് എഴുതിയിട്ടുണ്ട് (ലൂക്കൊസ് 3:2; എംഫസിസ് മൈൻ).

എന്തുകൊണ്ടാണ് യേശുവിനെ ആദ്യം ഹന്നാവിന്റെ അടുക്കലേക്ക് കൊണ്ടുപോയതെന്ന് നമുക്ക് തീർച്ചയില്ല. മുമ്പത്തെ മഹാപുരോഹിതനോടുള്ള ബഹുമാനം നിമിത്തമാകാം അവനെ അവിടേക്ക് എത്തിച്ചത്. ആ വൃദ്ധനായ മനുഷ്യൻ യേശുവിനെ കാണുവാൻ ആഗ്രഹം പ്രകടിപ്പിച്ചിരിക്കാം (ഹെരോദാവിന് ഉണ്ടായിരുന്നതുപോലെ; ലൂക്കൊസ് 23:8). ഒരുപക്ഷെ സൂത്രശാലിയായ ആ രാഷ്ട്രീയ തന്ത്രജ്ഞന് അവനെതിരായി എന്തെങ്കിലും കുറ്റം കണ്ടെത്തുവാൻ കഴിയുമെന്ന് വിചാരിച്ചിരിക്കാം. ഇതിനിടയിൽ ന്യായാധിപസഭാംഗങ്ങൾക്ക് ഒത്തുചേരുവാൻ സമയവും കിട്ടുമെന്ന് വിചാരിച്ചിരിക്കാം.[44]

ഹന്നാവ് "യേശുവിന്റെ ഉപദേശത്തെ കുറിച്ചും അവന്റെ ശിഷ്യന്മാരെ കുറിച്ചും" ചില പൊള്ളയായ ചോദ്യങ്ങൾ ചോദിച്ചുകൊണ്ടാണ് തുടങ്ങിയത് (യോഹന്നാൻ 18:19). ക്രിസ്തു അതിനോട് പ്രതികരിച്ചു, "ഞാൻ ലോകത്തോട് പരസ്യമായി സംസാരിച്ചിരിക്കുന്നു, ... പള്ളിയിലും എല്ലാ യെഹൂദന്മാരും കൂടുന്ന ദൈവാലയത്തിലും" (യോഹന്നാൻ 18:20).[45] അവിടെ നിന്നിരുന്ന ചിലരെ ചൂണ്ടിക്കൊണ്ടായിരിക്കാം യേശു പറഞ്ഞു, "നീ എന്നോട് ചോദിക്കുന്നത് എന്ത്? ഞാൻ സംസാരിക്കുന്നത് എന്തെന്ന് കേട്ടവരോട് ചോദിക്ക" (യോഹന്നാൻ 18:21).

ഈ സമയത്ത്, "ചേവകരിൽ അരികെ നിന്ന ഒരുത്തൻ, മഹാപുരോഹിതനോട് ഇങ്ങനെയോ ഉത്തരം പറയുന്നത്?" എന്നു ചോദിച്ച് യേശുവിന്റെ കന്നത്തടിച്ചു (യോഹന്നാൻ 18:22). അന്ന് യേശുവിന് നേരിടേണ്ടി വന്ന ശാരീരിക പീഢനത്തിന്റെ ആരംഭം മാത്രമായിരുന്നു അത്. യേശു മറുപടി പറഞ്ഞു, "ഞാൻ ദോഷമായി സംസാരിച്ചു എങ്കിൽ തെളിവ് കൊടുക്ക, അല്ലെങ്കിൽ എന്നെ തല്ലുന്നത് എന്ത്?" (യോഹന്നാൻ 18:23). മാർട്ടിൻ ലൂദർ ചൂണ്ടിക്കാണിച്ചത് കർത്താവ് കൈകൊണ്ടുള്ള സ്വയ–പ്രതിരോധം വിലക്കിയെങ്കിലും നാവുകൊണ്ടുള്ളത് വിലക്കിയില്ല എന്നാണ്.[46]

അടുത്തത്, യെഹൂദന്മാരുടെ രണ്ടാം ഘട്ട "വിചാരണക്കായി"[47] "ഹന്നാവ് അവനെ കെട്ടപ്പെട്ടവനായി മഹാപുരോഹിതനായ കയ്യഫാവിന്റെ അടുക്കലേക്ക് അയച്ചു" (യോഹന്നാൻ 18:24). ഹന്നാവിന്റെ വീട് കയ്യഫാവിന്റെ വീടിനോടടുത്തായിരിക്കുവാൻ സാധ്യതയുണ്ട്.[48] യോഹന്നാൻ കയ്യഫാവിനെ "ജനത്തിന് വേണ്ടി ഒരുവൻ മരിക്കുന്നത് നന്ന് എന്ന് യെഹൂദന്മാരോട് ആലോചന പറഞ്ഞവൻ" ആയി തിരിച്ചറിഞ്ഞിരുന്നു (യോഹന്നാൻ 18:14; 11:49–52 നോക്കുക).

"മഹാപുരോഹിതൻ, മഹാപുരോഹിതന്മാരും, മൂപ്പന്മാരും, ശാസ്ത്രിമാരും" – അതായത്, "ന്യായാധിപസഭ മുഴുവനും" – "ഒത്തൊരുമിച്ച്"

(മർക്കൊസ് 14:53, 55), കയ്യഫാവിന്റെ (ലൂക്കൊസ് 22:54) മാളികമുറിയിൽ കൂടി (മർക്കൊസ് 14:66). "രാത്രി സെഷനു വേണ്ടി, ചുരുങ്ങിയത് ന്യായാധിപസഭയുടെ ഒരു കോറം തന്നെ യേശുവിനെ മരണശിക്ഷക്കു വിധിക്കുവാൻ എന്തെങ്കിലും അടിസ്ഥാനം കിട്ടേണ്ടതിന്ന് ഒരുമിച്ചു ചേർന്നി [രുന്നു]."[49]

ക്രിസ്തുവിന്റെ ശത്രുക്കൾ അവന്റെ $3^{1/2}$ വർഷക്കാല ജീവിതത്തിൽനിന്നു "എന്തെങ്കിലും കുറ്റം കണ്ടെത്തുവാൻ അവരുടെ ദുരഭിമാന ഭൂതക്കണ്ണാടിയിലൂടെ നോക്കി," എന്നാൽ അവർക്ക് അവനിൽ "ഒരു കുറ്റവും കണ്ടെത്തുവാനായില്ല."[50] അപ്പോൾ അവർ "യേശുവിനെ കൊല്ലേണ്ടതിന് കള്ളസാക്ഷ്യം അന്വേഷിച്ചു"; എന്നാൽ "കള്ളസാക്ഷികൾ പലരും വന്നിട്ടും പറ്റിയില്ല'' (മത്തായി 26:59, 60; പുറപ്പാട് 20:16). അവരുടെ പ്രശ്നം രണ്ടു സാക്ഷികളെങ്കിലും പറയുന്നത് ഒത്തു വരേണ്ടിയിരുന്നു എന്നതായിരുന്നു (ആവർത്തനപുസ്തകം 17:6; 19:15), കള്ളസാക്ഷികൾക്ക് പോലും "സ്ഥിരത കൈവരിക്കുവാനായില്ല" (മർക്കൊസ് 14:56).

അവസാനം, ''രണ്ടു പേർ മുന്നോട്ടു വന്നു പറഞ്ഞു, 'ദൈവമന്ദിരം പൊളിച്ചു മൂന്നു നാൾ കൊണ്ട് പണിയുവാൻ എനിക്ക് കഴിയും എന്ന്, ഈ മനുഷ്യൻ പറഞ്ഞു എന്നു ബോധിപ്പിച്ചു'" (മത്തായി 26:60, 61). ഏതാനും വർഷങ്ങൾക്ക് മുൻപ് യെഹൂദന്മാർ അവനോട് ഒരു അടയാളം ചോദിച്ചതിനു പ്രതികരണമായി അവൻ പറഞ്ഞു, "ഈ മന്ദിരം പൊളിപ്പിൻ, ഞാൻ മൂന്നു ദിവസത്തിനകം അതിനെ പണിയും" തന്റെ "ശരീരമെന്ന മന്ദിരത്തെയാണ്" അവൻ സൂചിപ്പിച്ചത് (യോഹന്നാൻ 2:19, 21). എങ്ങനെയായാലും, മന്ദിരം നശിപ്പിക്കുമെന്ന് അവൻ പറഞ്ഞിരുന്നില്ല. അവർ രണ്ടുപേരും ഭോഷ്ക്കായിരുന്നു പറഞ്ഞത് – എന്നാൽ അവരുടെ സാക്ഷ്യവും ഒത്തുവന്നില്ല (മർക്കൊസ് 14:59),[51]

കയ്യഫാവിന് ലജ്ജ കൂടി കൂടി വന്നിരിക്കണം. നിരുൽസാഹപ്പെട്ട് അവൻ യേശുവിനോടു ചോദിച്ചു, "നീ ഒരു ഉത്തരവും പറയുന്നില്ലയോ? അവർ നിന്റെ നേരെ പറയുന്നതെന്ത്?" (മത്തായി 26:62). യേശു പ്രതികരിക്കാതെ, മാന്യമായ നിശബ്ദത പാലിച്ചു (മത്തായി 26:63; യെശയ്യാവ് 53:7; പ്രവൃത്തികൾ 8:32, 35; 1 പത്രൊസ് 2:23).

നിരാശയോടുകൂടെ, മഹാപുരോഹിതൻ അവനോട് പറഞ്ഞു, "നീ ദൈവപുത്രനായ ക്രിസ്തു തന്നെയോ? പറക എന്ന് ഞാൻ ജീവനുള്ള ദൈവത്തെ കൊണ്ട് ആണയിട്ട് ചോദിക്കുന്നു" (മത്തായി 26:63). പ്രതിജ്ഞ ചെയ്യുമ്പോൾ ഒരു വ്യക്തി സ്വീകരിക്കുന്ന യെഹൂദ ഫോർമുലയാണ്, ''ജീവനുള്ള ദൈവത്തെ കൊണ്ട് ആണയിടുന്നു" എന്നത്.[52] എൻഐവിയിൽ "ഞാൻ നിന്നെ ആണെക്കു വിധേയനാക്കുന്നു" എന്നാണ്.

യേശു ഉത്തരം പറയുമെന്ന ചെറിയ ഒരാശ കയ്യഫാവിലുണ്ടായിരുന്നേക്കാം. ഇന്ന് പല സമൂഹത്തിലുമെന്ന പോലെ അന്ന് ആ സമൂഹത്തിലും ഒരാളെ നിർബ്ബന്ധിച്ച് കുറ്റം സമ്മതിപ്പിക്കാവുന്നതല്ല. മുൻപ് യേശു യെഹൂദാദ്ധ്യക്ഷന്റെ ചോദ്യത്തിന് മറുപടി നല്കിയിരുന്നില്ല; അവന് എപ്പോഴെങ്കിലും നിശബ്ദമായിരിക്കേണ്ടതിന് അനുകൂല സമയമുണ്ടായിരുന്നെങ്കിൽ, അത് ഇപ്പോഴായിരുന്നു. അവൻ സംസാരിക്കാതിരുന്നാൽ, മഹാപുരോഹിതന് പിന്നെ കാര്യമൊന്നുമില്ല. വലിയ ആപത്ത് ഘട്ടത്തിലും കർത്താവ് സംസാരിച്ചിട്ടുണ്ട്. അവൻ മറുപടി പറഞ്ഞു, "ഞാൻ ആകുന്നു" (മർക്കൊസ് 14:62).[53]

അവൻ കൂട്ടിച്ചേർത്തു, ''എങ്കിലും, ഞാൻ നിങ്ങളോട് പറയുന്നു, ഇനി

മനുഷ്യപുത്രൻ സർവ്വശക്തന്റെ വലത്തുഭാഗത്ത് ഇരിക്കുന്നതും ആകാശ മേഘങ്ങളെ വാഹനമാക്കി വരുന്നതും നിങ്ങൾ കാണും" (മത്തായി 26:64; ദാനിയേൽ 7:13; സങ്കീർത്തനങ്ങൾ 110:1). ആ സമയത്ത് യേശു തന്നെത്തന്നെ താഴ്ത്തുകയായിരുന്നു, എന്നാൽ കുറച്ചുകഴിയുമ്പോൾ അവൻ തന്റെ പിതാവിന്റെ വലത്തുഭാഗത്തേക്ക് ഉയർത്തപ്പെടും. പിന്നെ, കയ്യഫാവായിരിക്കയില്ല, അവനായിരിക്കും അധികാരി!

യേശുവിന്റെ പ്രതികരണത്തിൽ മഹാപുരോഹിതനു ഉത്തേജനം ലഭിച്ചുകാണും, എന്നാൽ അവന് വലിയ ഞെട്ടലുണ്ടായതായി കാണപ്പെട്ടു. അത്യധികമായ നിരാശയുടെ ലക്ഷണമായി–അവൻ തന്റെ വസ്ത്രം കീറിക്കൊണ്ട് – പറഞ്ഞു, "ഇവൻ ദൈവദൂഷണം പറഞ്ഞു! ഇനി സാക്ഷികളെക്കൊണ്ട് നമുക്ക് എന്താവശ്യം?" (മത്തായി 26:65). മോശെയുടെ ന്യായപ്രമാണം അനുസരിച്ച്, ഒരാൾ ദൈവനാമത്തെ ദുഷിച്ചാൽ അയാളെ മരണത്തിന് ഏല്പിക്കണം (ലേവ്യാപുസ്തകം 24:16). യെഹൂദന്മാരുടെ നിയമമനുസരിച്ച്, യേശുവിൽ ദൈവദൂഷണകുറ്റമില്ലായിരുന്നു,[54] എന്നാൽ കയ്യഫാവിന് നിയമപരമായ നിർവ്വചനം പ്രശ്നമായിരുന്നില്ല. "താൻ ദൈവപുത്രനായ ക്രിസ്തു ആകുന്നു" എന്ന് യേശു സമ്മതിച്ചതു മാത്രം അവന് മതിയായിരുന്നു (അവൻ തന്നെ ദൈവത്തോട് സമനാക്കി; യോഹന്നാൻ 5:18 നോക്കുക), കൂടാതെ അവൻ തന്നെ മശിഹയുടെ പേരായ "മനുഷ്യപുത്രൻ" എന്നും പ്രയോഗിച്ചിരിക്കുന്നു. "ഇവൻ ദൈവദൂഷണം പറഞ്ഞിരിക്കുന്നു!" എന്ന് മഹാപുരോഹിതൻ ഉച്ചത്തിൽ പറഞ്ഞു.

കയ്യഫാവ് ന്യായാധിപസഭയോട് പറഞ്ഞു, "നിങ്ങൾ ഇപ്പോൾ ദൈവദൂഷണം കേട്ടുവല്ലൊ, നിങ്ങൾക്ക് എന്തു തോന്നുന്നു?" (മത്തായി 26:65, 66). അവർ മറുപടി പറഞ്ഞു, "അവൻ മരണയോഗ്യൻ!" (മത്തായി 26:66). ഇതു ന്യായാധിപസഭയുടെ ഔദ്യോഗിക പ്രഖ്യാപനമായിരുന്നില്ല; അതു സൂര്യോദയം കഴിഞ്ഞ് ഉടനെ ഉണ്ടാകും (ലൂക്കൊസ് 22:66–23:1). എങ്കിലും, അവന് മരണശിക്ഷ വിധിക്കുന്നതിനെ ന്യായീകരിക്കുവാൻ കഴിഞ്ഞതിൽ അവർ തൃപ്തരായിക്കാണും.

അവരുടെ ഉദ്ദേശം നിറവേറ്റിയശേഷം (അവർ വിചാരിച്ചു), അവരുടെ വെറുപ്പിന്റെ ആധിക്യത്തിൽ–നിന്ന് ന്യായാധിപന്മാർക്ക് ആശ്വാസമായി: യേശുവിന്റെ കണ്ണുകൾ മൂടപ്പെട്ടിരുന്നു (മർക്കൊസ് 14:65; ലൂക്കൊസ് 22:64 നോക്കുക). പിന്നെ ചിലർ അവന്റെ മുഖത്ത് തുപ്പുകയും മുഷ്ടി ചുരുട്ടി കുത്തുകയും ചെയ്തു; മറ്റുള്ളവർ അവനെ കന്നത്തടിച്ചുകൊണ്ടു പറഞ്ഞു, "ഹേ, ക്രിസ്തുവേ, നിന്നെ തല്ലിയത് ആർ എന്ന് ഞങ്ങളോട് പ്രവചിക്ക" (മത്തായി 26:67, 68).[55] "അവനെ പിടിച്ച ചേവകരും" അവനെ കയ്യേറ്റം ചെയ്യുകയും പരിഹസിക്കുകയും ചെയ്തു (മർക്കൊസ് 14:65; ലൂക്കൊസ് 22:63, 64),[56] "അവർ മറ്റു പലതും അവനെ ദുഷിച്ചു പറഞ്ഞു" (ലൂക്കൊസ് 22:65). ഈ വിധത്തിൽ ക്രിസ്തുവിന്റെ ശത്രുക്കൾ സമയം പ്രഭാതം വരെ നീട്ടിക്കൊണ്ടു പോയി.

**ഉപസംഹാരം**

നീണ്ട രാത്രി അങ്ങനെ അവസാനിക്കാറായി, പക്ഷെ നീണ്ട പകൽ വരുവാനിരിക്കുന്നു – യേശുവിന്റെ മരണം സംഭവിക്കേണ്ട ദിവസം. ധാരാളം അന്യായവും ക്രൂരതയും അവൻ സഹിക്കേണ്ടിയിരിക്കുന്നു. പത്രൊസിന്റെ

തള്ളിപ്പറയലോടുകൂടെ നാം നമ്മുടെ അടുത്ത പാഠം ആരംഭിക്കും, പിന്നെ തുടർന്നുള്ള കർത്താവിന്റെ "വിചാരണയും" നാം നോക്കും.

## പ്രസംഗക്കുറിപ്പുകൾ

ഈ പാഠത്തിന് മറ്റൊരു പേരിടുകയാണെങ്കിൽ അത് "ഉറക്കമില്ലാത്ത രാത്രി" എന്നിടാം. ആ വേദഭാഗങ്ങളോടുള്ള മറ്റു സമീപനങ്ങൾക്കുള്ള ആശയങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

### യേശുവിനെ ഒറ്റിക്കൊടുക്കുന്നവൻ

യൂദായെ കുറിച്ചുള്ള ഒരു സ്വഭാവ പ്രസംഗം നടത്താനുള്ള സന്ദർഭമാണിത്.

### തോട്ടത്തിലെ യേശുവിന്റെ നിമിഷങ്ങൾ

ഗെത്ത്ശമനയെ കുറിച്ചുള്ള ഒരു പ്രസംഗം – പ്രസ്താവനാ പ്രസംഗത്തിനുള്ള കുറിപ്പുകളടക്കം – ഈ പ്രസംഗത്തിനു ശേഷം, യേശു മരണത്തോടടുത്തപ്പോൾ, തന്റെ ശിഷ്യന്മാരുടെ സഹവാസം ആഗ്രഹിച്ചതു എടുത്തുകൊണ്ട് ഏകാന്തതയെ കുറിച്ച് പ്രസംഗം തയ്യാറാക്കാം. (ഇടുവാൻ സാധ്യതയുള്ള തലക്കെട്ട്, "ഏകാന്തത അതിജീവിക്കൽ" എന്നാണ്.)

### യേശുവിന്റെ അവസാനത്തെ അത്ഭുതസൗഖ്യമാക്കൽ

ഒരാൾ ഒരു വിഷയത്തെ കുറിച്ച് ബൈബിൾ പറയുന്ന *മുഴുവൻ* സത്യവും ആഗ്രഹിക്കുന്നു എങ്കിൽ, ആ അവതരണത്തിനുള്ള സ്പ്രിങ്ങ് ബോർഡ് ഉപയോഗത്തിന് പറ്റിയതാണ് മൽക്കൊസിന്റെ കാത് സൗഖ്യമാക്കൽ. (മൽക്കൊസിന്റെ കാത് സൗഖ്യമാക്കലിന്റെ വിവിധ വിശദാംശങ്ങൾ മറ്റുള്ളവയിലില്ലാത്തത് ചില സുവിശേഷ വിവരണങ്ങളിൽ കാണാം.) ആ ചിന്ത എടുത്തുകൊണ്ട് രക്ഷയെ കുറിച്ച് ബൈബിൾ പറയുന്നത് *എല്ലാം* എടുക്കേണ്ടതിനെ സംബന്ധിച്ച പ്രസംഗത്തിലേക്ക് നയിക്കുന്നു.

### യേശുവിന്റെ വിചാരണകൾ

യേശുവിന്റെ വിചാരണകളാണ് നമ്മുടെ വേദഭാഗങ്ങളിൽ പ്രസംഗങ്ങൾക്ക് സാധ്യതയുള്ള വിഷയങ്ങൾ. ("*നിങ്ങളുടെ* അപരാധ നിർണ്ണയം എന്താണ്?'' എന്ന ഈ പുസ്തകത്തിൽ പിന്നീട് വരുന്ന പ്രസംഗം നോക്കുക.)

---

കുറിപ്പുകൾ

[1]യോഹന്നാൻ 15–17 വരെ യുള്ള ഭാവനയുടെ ഭാഗം മാളികമുറിയിൽനിന്ന് ഗെത്ത്ശമന തോട്ടത്തിലേക്കുള്ള യാത്രയിൽ കണ്ടത് ദൈവശ്വാസമാക്കിയതാണെന്ന് ചിലർ വിശ്വസിക്കുന്നു (ഈ പുസ്തകത്തിൽ വന്നിട്ടുള്ള "കർത്താവിനായി ഫലം കായ്ക്കൽ" എന്ന പാഠം നോക്കുക.) അത് അങ്ങനെയാണെങ്കിൽ പോലും, 15–17 വരെയുള്ള ഭാഗങ്ങളിലെ ഏതെങ്കിലും വാക്കുകൾ കെദ്രോൻ കടക്കുന്നതിനു*മുൻപ്* നഗരത്തിൽ വെച്ച് സംസാരിച്ചതായിരിക്കും (യോഹന്നാൻ 18:1 നോക്കുക). [2]മർക്കൊസ് 14:26–32 അനുസരിച്ച്, മാളി

കമുറി വിട്ട് ഗെത്ത്ശമനതോട്ടത്തിലേക്ക് പോകുമ്പോൾ, യേശു *ചില* വാക്കുകൾ സംസാരിച്ചുകാണും. അവൻ ആ ചെറിയ യാത്രക്കിടയിൽ വേറെ വല്ലതും സംസാരിച്ചോ എന്ന് നമുക്ക് അറിയില്ല. [3]ഹൊമിലെറ്റിക്സ് സൂചിപ്പിക്കുന്നത് പ്രസംഗങ്ങൾ തയ്യാറാക്കി അവതരിപ്പിക്കുന്നതാണ്. [4]"സ്തുതി" എബ്രായപദമാക്കി മാറ്റി ഉപയോഗിച്ചതാണ് "ഹല്ലേൽ". [5]ജാക്ക് പി. ലൂയിസ്, *ദ ഗോസ്പെൽ എക്കോർഡിങ്ങ് ടു മാത്യ:പാർട്ട്, 2*, ദ ലിവിങ്ങ് വേഡ് കമെന്ററി സീരീസ്. എഡി. എവെറെറ്റ് ഫെർഗൂസൻ (അബിലീൻ, ടെക്സ്.:എസിയു പ്രസ്, 1976), 148. [6]ജെ. ഡബ്ലിയു. മെക്ഗാർവേ ആന്റ് ഫിലിപ് വൈ.പെൻലെറ്റൺ, *ദ ഫോർ ഫോൾഡ് ഗോസ്പെൽ ഓർ ഹാർമണി ഓഫ് ദ ഫോർ ഗോസ്പെൽസ്* (സിൻസിനാറ്റി: സ്റ്റാൻഡേർഡ് പബ്ലിഷിങ്ങ് കമ്പനി., 1914), 685. [7]യെരുശലേമിന്റെ കിഴക്കെ മതിലിനു സമാന്തരമായി ഒഴുകുന്നതാണ് കെദ്രോൻ തോട്. "യെരുശലേം നഗരം (നിർദ്ദേശിക്കപ്പെട്ട് യേശുവിന്റെ അവസാന നാഴികയിലെ പാതകളും)" എന്ന ഈ പുസ്തകത്തിൽ പിന്നീടു വരുന്ന ഭൂപടം നോക്കുക. [8]ഗെത്ത്ശമനയിൽ നടന്ന സംഭവങ്ങളുടെ കൂടുതൽ വിശദാംശങ്ങൾക്ക് ഈ പുസ്തകത്തിലെ "തോട്ടത്തിൽ" എന്ന പാഠം നോക്കുക. [9]ആ വാചകം എച്ച്. ഐ. ഹെസ്റ്ററുടെ, *ദ ഹാർട്ട് ഓഫ് ദ ന്യൂടെസ്റ്റമെന്റ്* (ലിബർട്ടി, മോ.: ക്വാളിറ്റി പ്രസ്, 1963), 199 ൽനിന്നാണ്. വർത്തമാന–കാല ഗൈഡുകൾ പറയുന്നത് യേശു പ്രാർത്ഥിച്ചിരുന്നത് ഒലിവ് വൃക്ഷങ്ങളുടെ ചുവട്ടിലിരുന്നായിരുന്നു, എന്നാൽ, റോമാക്കാർ യെരുശലേം വളഞ്ഞ് നശിപ്പിച്ചപ്പോൾ, ഒപ്പം എല്ലാ വൃക്ഷങ്ങളും നശിപ്പിച്ചിരുന്നു എന്നാണ്. അതു വാസ്തവമാണ്, എങ്ങനെയായാലും, ഇപ്പോഴുള്ള വൃക്ഷങ്ങൾ വളരെ വളരെ പഴക്കമുള്ളതാണ്. [10]"അവൻ ... ഒരു കല്ലേറുദൂരത്തോളം വാങ്ങിപ്പോയി" (ലൂക്കൊസ് 22:41). ഒരു കല്ലേറ് ദൂരം എന്നത് എത്രയാണ്? അത് ആരാണ് എറിയുന്നത് എന്നതിന്റെ അടിസ്ഥാനത്തിലാണ്. ആ ദൂരം 150 മുതൽ 200 അടി വരെയാണെന്നാണ് ജെ.ഡബ്ലിയു. മെക്ഗാർവേ കണക്കാക്കിയത് (മെക്ഗാർവേ ആന്റ് പെൻലെറ്റൺ, 686).

[11]പുരാതനവും, ദൈവശ്വാസിയമല്ലാത്തതുമായി പാരമ്പര്യം പറയുന്നത് യേശു പാറപ്പുറത്തായിരുന്നു മുട്ടുകുത്തിയത് എന്നാണ്. ആ ഒരു ഭാവനാ പാറ അറിയപ്പെടുന്ന ഒന്നാണ് തോട്ടത്തിലെ യേശുവിനെ പെയിന്റ് ചെയ്തിരിക്കുന്നത്. എന്നാൽ, വേദഭാഗമനുസരിച്ച് യേശു *തറയിൽ* മുഖം കുനിച്ചു എന്നാണ്. [12]അടുത്ത പാഠത്തിൽ കാണുന്ന "ഈ പാനപാത്രം" എന്നതിനെ കുറിച്ചുള്ള പരാമർശം നോക്കുക. [13]യേശുവിന്റെ ചോദ്യം അന്തർലീനമായിരിക്കുന്നു. [14]ദുഃഖത്തിന് ചില ആളുകളിൽ ആ ഫലമുണ്ടാകും. എപ്പോഴും ഉറങ്ങണമെന്ന തോന്നലാണ് വിഷാദരോഗത്തിന്റെ ലക്ഷണം. [15]യേശുവിന്റെ ജീവിതത്തിലും ശുശ്രൂഷയിലും ഇടക്കിടക്ക് ദൂതന്മാർ ബന്ധപ്പെടുന്നുണ്ട്. ഉദാഹരണത്തിന് അവൻ ജനിച്ചപ്പോൾ അവർ പാട്ട് പാടി (ലൂക്കൊസ് 2:13, 14), മരുഭൂമിയിലെ അവന്റെ പരീക്ഷണത്തിനു ശേഷം വന്ന് അവനെ ശുശ്രൂഷിച്ചു (മത്തായി 4:11). പിന്നീട് അവർ വന്ന് അവന്റെ ഉയർത്തെഴുന്നേല്പ് പ്രഖ്യാപിച്ചു (മത്തായി 28:2, 5. 6). [16]"അതുകൊണ്ട് ഉറങ്ങിക്കൊണ്ടിരിക്ക" എന്ന് ആ വാചകത്തിലെ ആദ്യഭാഗം തർജിമ ചെയ്യാവുന്നതാണ് (കെജെവി നോക്കുക). അതാണ് യേശു പറഞ്ഞതെങ്കിൽ, അർത്ഥം ഏതാണ്ട് ഇതുപോലെ ആയിരിക്കും: "എന്നെ സംബന്ധിച്ചിടത്തോളം, നിങ്ങൾക്ക് ഇനി ഉറങ്ങി, ആശ്വസിക്കാം, അല്ലെങ്കിൽ എന്നെ സഹായിക്കുവാനുള്ള സമയം കഴിഞ്ഞുപോയി" (മെക്ഗാർവേ ആന്റ് പെൻലെറ്റൺ, 688). [17]"നാഴിക" എന്ന് ഇവിടെ പറഞ്ഞിരിക്കുന്നത് അവന്റെ മരണസമയത്തെ സൂചിപ്പിക്കുന്നു. യേശു ആ "നാഴികയിലേക്ക്" നടന്നടുക്കുകയായിരുന്നു (യോഹന്നാൻ 2:4; 7:30; 8:20; 12:23, 27; 13:1; 17:1). [18]യേശുവിന്റെ അറസ്റ്റുമായി ബന്ധപ്പെട്ട സംഭവങ്ങളെ വിവിധ രീതിയിൽ ക്രമപ്പെടുത്താം. ഈ പാഠത്തിലേത് അവയിൽ ഒന്നാണ്. [19]ഈ പാഠത്തിൽ പിന്നീട് വരുന്ന മർക്കൊസ് 14:51, 52 നെ കുറിച്ച് പിന്നീട് പരാമർശിക്കു

ന്നത് നോക്കുക. [20]ന്യായാധിപസഭയുടെ പ്രതിനിധികളും സ്പഷ്ടമായി അവിടെ വന്നിരുന്നു (ലൂക്കൊസ് 22:52). അത് "പരീശന്മാരിൽ" നിന്നുള്ള സംഘമായിരുന്നു അത് എന്ന് യോഹന്നാൻ ശ്രദ്ധിച്ചു (യോഹന്നാൻ 18:3), ന്യായാധിപസഭയിൽ പരീശന്മാരുടെ സാന്നിധ്യം ഉണ്ടായിരുന്നു (പ്രവൃത്തികൾ 23:1, 6).

[21]പഴയനിയമമനുസരിച്ച് ലേവ്യരാണ് ഇത്തരം കാര്യങ്ങൾ ചെയ്തിരുന്നത്; ചിലപ്പോൾ അവർ ലേവ്യർ ആയിരുന്നേക്കാം, അല്ലെങ്കിൽ അല്ലായിരുന്നേക്കാം. [22]ശക്തമായ കുഴപ്പങ്ങൾ അമർച്ച ചെയ്യുന്നതിനായിരുന്നു പ്രാഥമിമായി റോമാ പടയാളികൾ യെരുശലേമിലുണ്ടായിരുന്നത്. യേശുവിന്റെ ആളുകളെ ശാന്തമാക്കണമെന്ന് ഒരുപക്ഷെ മഹാപുരോഹിന്മാർ അവരോട് ആവശ്യപ്പെട്ടുകാണും. [23]യോഹന്നാൻ 18:12 ലെ "റോമാ" എന്ന വാക്ക് ചരിച്ചെഴുതിയതു സൂചിപ്പിക്കുന്നത്, അതു തർജിമക്കാർ കൂട്ടിച്ചേർത്തു എന്നാണ്. എങ്ങനെയായാലും, റോമൻ പട്ടാളം ഉപയോഗിച്ച "കൊഹോർട്ട്" എന്നതിനുള്ള ഗ്രീക്ക് വാക്കാണ് യോഹന്നാൻ ഉപയോഗിച്ചത്. പത്തു കൊഹോർട്ടുകൾ ചേർന്നതാണ് ഒരു ലഗ്യോൻ അഥവാ ആറായിരം പടയാളികൾ. പെരുന്നാൾ ദിവസങ്ങളിൽ റോമാ നാടുവാഴി പടയാളികളുടെ എണ്ണം വർദ്ധിപ്പിച്ചിരുന്നു – അനിഷ്ട സംഭവങ്ങളുണ്ടായാൽ തടയുന്നതിനായിരുന്നു അത്. കാസിൽ അന്തോണിയയിലായിരുന്നു അവർ തമ്പടിച്ചരുന്നത്, അത് ദൈവാലയ സമുച്ചയത്തിന്റെ വടക്ക് പടിഞ്ഞാറു ഭാഗത്തായിരുന്നു. *ക്രിസ്തുവിന്റെ ജീവിതം, 1* ലെ ദൈവാലയ ഡയഗ്രാം നോക്കുക. [24]പെസഹ വന്നിരുന്നത് പൂർണ്ണചന്ദ്രനുള്ളപ്പോഴായിരുന്നെങ്കിലും, അവർ വിളക്കുകൾ എടുത്തിരുന്നു (യോഹന്നാൻ 18:3). യേശു ഓടിപോകുമെന്നും തോട്ടത്തിലെ നിഴലിൽ കൂടെ അവനെ തിരയേണ്ടിവരുമെന്നും അവർ വിചാരിച്ചുകാണും. [25]അവന്റെ ദൈവികസാന്നിധ്യമായിരുന്നു ദൈവാലയത്തിലെ പൊൻവാണിഭക്കാരെ ഓടിക്കുവാൻ അവനെ പ്രാപ്തമാക്കിയത് (മർക്കൊസ് 11:15; യോഹന്നാൻ 2:15). [26]ജി. ഹാൾ റ്റോഡ്, *ദ ഗാമ്ബ്ളേഴ്സ് അറ്റ് ഗൊൽഗോഥാ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്.:ബേക്കർ ബുക്ക് ഹൗസ്, 1958), 39. [27]"ഫ്രന്റ്" എന്നതു ഐറോണിക്ക് ആണ്. യൂദായെ തന്റെ സ്നേഹിതനാക്കുവാൻ യേശു നോക്കിയിരുന്നു, എന്നാൽ അവന്റെ സൗഹൃദം തള്ളിക്കളഞ്ഞു. [28]യേശുവിനെ അറസ്റ്റ് ചെയ്യുന്നതിന് ദൈവാലയചേവകരെ റോമാ പടയാളികൾ സഹായിച്ചു (യോഹന്നാൻ 18:12), എന്നാൽ അവർ ആ അറസ്റ്റ് ചെയ്തവരോടൊപ്പം എത്ര സമയം ഉണ്ടായിരുന്നു എന്നത് അജ്ഞാതമാണ്. ഒരു സമയത്ത്, യേശുവിനെ യെഹൂദ കസ്റ്റഡിയിൽ ഏല്പിച്ച് അവരുടെ ദൗത്യം പൂർത്തിയാക്കി പോയിരിക്കാം. (പ്രവൃത്തികൾ 22:30 താരതമ്മ്യം ചെയ്യുക). [29]അവിടെ രണ്ട് വാൾ ഉണ്ട് എന്ന് അപ്പൊസ്തലന്മാർ മുൻപ് പറഞ്ഞിരുന്നു (ലൂക്കൊസ് 22:38), അതിലൊന്ന് അവർ തോട്ടത്തിലേക്ക് കൊണ്ടുവന്നുകാണും. [30]മഹാപുരോഹിതന്റെ ഭവനവുമായി യോഹന്നാന് പരിചയമുണ്ടായിരുന്നു (യോഹന്നാൻ 18:15, 16), ആ ദാസന്റെ പേർ മൽക്കൊസ് ആയിരുന്നു എന്നു ശ്രദ്ധിക്കുക. മൽക്കൊസ് ആരായിരുന്നു എന്ന് തന്റെ ശ്രോതാക്കൾ അറിയണമെന്ന് യോഹന്നാൻ ആഗ്രഹിക്കുവാൻ കാരണം, മൽക്കൊസ് പിന്നീട് ക്രിസ്ത്യാനിയായി തീർന്നു എന്നാണ് ചിലർ ഊഹിക്കുന്നത്. വാൾ–മനുഷ്യനെ കുറിച്ച് യോഹന്നാൻ മാത്രമാണ് എഴുതിയിരിക്കുന്നത്, അപ്പോഴേക്ക് റോമാക്കാരുടെ കൂടുതൽ ഉപദ്രവങ്ങൾക്കിരയാകാതവണ്ണം പത്രൊസ് മരിച്ചിരുന്നു.

[31]വാരെൻ ഡബ്ലിയു. വിയേഴ്സ്ബേ, *ദ ബൈബിൾ എക്സ്പൊസിഷൻ കമെന്ററി,* വാല്യം, 1 (വീറ്റൺ, Ill.:വിക്ടർ ബുക്സ്, 1989), 162. [32]വാസ്തവത്തിൽ *ഒരു* ദൂതൻ മതിയാകും. [33]അവന്റെ മരണം തിരുവെഴുത്ത് നിവർത്തീകരണം ആണെന്ന് അവൻ വീണ്ടും ഊന്നി പറഞ്ഞിരുന്നു (മത്തായി 26:54, 56). [34]ഇതു യേശുവിന്റെ കൈകൾ ബന്ധിപ്പിക്കുന്നതിന് മുൻപ് സംഭവിച്ചതാകാം. അങ്ങനെയാണെങ്കിൽ യേശു ബന്ധിക്കാത്ത തന്റെ കൈ നീട്ടി. [35]ആ സൗഖ്യമാക്കലിന്റെ വിശദാംശങ്ങൾ നമ്മോട് പറഞ്ഞിട്ടില്ല – കർത്താവ്

അറ്റുപോയ കാത് വീണ്ടും എടുത്ത് തൽസ്ഥാനത്ത് വെക്കുകയായിരുന്നോ എന്തോ – പക്ഷെ, ഒരു നിയമമെന്ന നിലയിൽ, അവന്റെ മുൻപിലത്തെ അവസ്ഥയെക്കാൾ സൗഖ്യ മാക്കിയ ശേഷം ഏറ്റവും നന്നായിരുന്നു. [36]അതു കുറെ – നേരത്തേക്കുള്ള വിജയമായി രുന്നു, യേശു ഉയർത്തെഴുന്നേറ്റതോടെ അതു നിഷ്പ്രഭമായി. [37]യോഹന്നാൻ തന്റെ സുവി ശേഷവിവരണങ്ങളിൽ അവനെ മൂന്നാമതൊരു വ്യക്തിയായിട്ടാണ് പറഞ്ഞിരിക്കുന്നത്: മർക്കൊസും അതു തന്നെയായിരിക്കാം ചെയ്തത്. മുൻപ് സൂചിപ്പിച്ചതുപോലെ മർക്കൊ സിന്റെ അമ്മ യെരുശലേമിലായിരുന്നു താമസിച്ചിരുന്നത് (പ്രവൃത്തികൾ 12:12, 25), കർത്തൃമേശക്ക് തിരഞ്ഞെടുത്ത സ്ഥലം അവിടെയായിരിക്കുവാൻ സാധ്യതയുണ്ട്. ആ മനുഷ്യൻ യേശുവിനെയും മറ്റു ശിഷ്യന്മാരെയും അനുഗമിച്ചത് മാളികമുറിയിൽ നിന്നി റങ്ങിയപ്പോഴാണോ അതോ തോട്ടത്തിലേക്ക് പോയപ്പോഴാണോ എന്ന് നമുക്ക് അറിയില്ല. യൂദാ ആദ്യം ആ പുരുഷന്മാരെ മാളികമുറിയിലേക്ക് കൊണ്ടുപോയെങ്കിൽ, ക്രിസ്തു പോയ സ്ഥലത്തേക്ക് മർക്കൊസ് അവരെ അനുഗമിക്കുവാൻ സാധ്യതയുണ്ട്. ആ യുവാവ് യേശുവിന്റെ ശിഷ്യനായിരുന്നു എന്ന് സൂചിപ്പിക്കുകയായിരുന്നു. കാരണം പുരുഷാരം "അവനെ പിടിക്കുകയുണ്ടായി" (മർക്കൊസ് 14:51). [38]പെസഹാ പെരുന്നാൾ രണ്ടോ അല്ലെങ്കിൽ മൂന്നോ മണിക്കൂർ നീണ്ടു പോയിരുന്നു, സൂര്യാസ്തമയം കഴിഞ്ഞ ഉടനെ അതു തുടങ്ങും (ഏതാണ്ട് രാവിലെ 6.00 മണി) നീണ്ട പ്രസംഗത്തിനും യോഹ ന്നാൻ 14–17 ലെ പ്രാർത്ഥനക്കും ശേഷമായിരുന്നു. പിന്നെ അവർ ഗെത്ത്ശമനയിലേക്ക് യാത്ര ചെയ്തു, അവിടെ വെച്ച് യേശു ഒരു മണിക്കൂറിലധികം പ്രാർത്ഥിച്ചു. യൂദായും കൂട്ടരും അവിടെയെത്തിയപ്പോൾ, ഏതാണ്ട് അർത്ഥ രാത്രിയോ അല്ലെങ്കിൽ രാവിലെ 1.00 മണിയോ ആയി കാണും. [39]ഹന്നാവുമായുള്ള സെഷൻ യോഹന്നാൻ മാത്രമാണ് പറയുന്നത്. യെഹൂദന്മാരുടെ "വിചാരണകളെ," കുറിച്ച് യോഹന്നാൻ എഴുതുന്നത്, ദശാ ബ്ദങ്ങൾക്കു ശേഷമാണ്, സംക്ഷിപ്ത സുവിശേഷവിവരണങ്ങളിലേത് അധികവും പകർത്തുകയല്ല, അനുബന്ധമായിത്തീരുകയാണ് ചെയ്തത്. [40]യേശുവിന്റെ "വിചാര ണകളെ" കുറിച്ച് കൂടുതൽ അറിയുവാൻ ഈ പുസ്തകത്തിൽ അവസാനം വരുന്ന "*നിങ്ങ ളുടെ* നിർണ്ണയം എന്താണ്?" എന്നത് നോക്കുക.

[41]എഫ്. ലഗാർഡ്. സ്മിത്ത്, *ദ നരേറ്റഡ് ബൈബിൾ ഇൻ ക്രൊണോളോജിക്കൽ ഓർഡർ* (യൂജീൻ, ഒറേഗ്.:ഹാർവെസ്റ്റ് ഹൗസ് പബ്ലിഷേഴ്സ്, 1984), 1467. [42]ഹന്നാവിനെ കുറിച്ചുള്ള ചുരുങ്ങിയ വിവരണത്തിന്, *ക്രിസ്തുവിന്റെ ജീവിതം, 1* ലെ "ക്രിസ്തു വന്ന തായ ലോകം" എന്ന പാഠം നോക്കുക. [43]"പ്രെസിഡന്റ്" തുടങ്ങിയ ആദരണിയ പദവി ലഭിച്ചവരെ സ്ഥാനം പോയാലും അങ്ങനെ തന്നെ വിളിക്കാറുണ്ട്. [44]ന്യായാധിപസഭയുടെ പ്രതിനിധികൾ അറസ്റ്റിനു വേണ്ടി സന്നിഹിതരായിരിക്കും (ലൂക്കൊസ് 22:52), അറസ്റ്റ് ചെയ്ത ശേഷവും ചിലർ ബന്ധപ്പെട്ടിരിക്കാം. [45]അവൻ "രഹസ്യമായി ഒന്നും ചെയ്തില്ല" എന്ന യേശുവിന്റെ പ്രസ്താവനയിൽ നിന്ന് യേശു രഹസ്യമായി ശിഷ്യന്മാരെ പഠിപ്പി ച്ചില്ല എന്ന് അർത്ഥമാക്കരുത്. അവൻ അവരെ രഹസ്യമായി ഉപദേശിച്ചിരുന്നു (മർക്കൊസ് 4:34; ലൂക്കൊസ് 10:23), എന്നാൽ അവന്റെ പരസ്യമായ ഉപദേശത്തിനു വിരുദ്ധമായിരു ന്നില്ല രഹസ്യമായ ഉപദേശം. അവൻ രഹസ്യമായി ഉപദേശിച്ചതു ഗോപ്യമായി സൂക്ഷി ക്കേണ്ടതിനായിരുന്നില്ല (മത്തായി 10:27). [46]മെക്ഗാർവേ ആന്റ് പെൻലെറ്റൺ, 695. യേശു മറ്റെ ചെകിട് കാണിച്ചുകൊടുക്കുവാൻ പറഞ്ഞ ഉപദേശമാകാം ലൂദറിന്റെ മനസിലുണ്ടാ യിരുന്നത് (മത്തായി 5:39). [47]പത്രൊസിന്റെ തള്ളിപ്പറയൽ യേശുവിനെ കയ്യഫാവിന്റെ മുൻപിൽ കുറ്റം ചുമത്തുന്നതോടുകൂടെയാണ് വ്യാഖ്യാനിക്കപ്പെട്ടിട്ടുള്ളത്, എന്നാൽ നമ്മുടെ സൗകര്യത്തിന്, യേശുവിനെ കയ്യഫാവിന്റെ മുമ്പിൽ കുറ്റപ്പെടുത്തുന്നത് ആദ്യം പഠിക്കാം (അടുത്ത പാഠത്തിന്റെ ആരംഭത്തിൽ) പിന്നെ നമുക്ക് പത്രൊസ് തള്ളിപ്പറയുന്ന സംഭവം പഠിക്കാം. [48]ഹന്നാവിന്റേയും കയ്യഫാവിന്റേയും വീട് ഒരു പൊതുമുറ്റം പോലെ

ഉപയോഗിച്ചിരുന്നു എന്നാണ് ചിലർ വിശ്വസിക്കുന്നത്. എങ്ങനെയായാലും, അടുത്ത കാലത്തെ കണ്ടുപിടുത്തം സൂചിപ്പിക്കുന്നത് അവരുടെ വീടുകൾ തമ്മിൽ അല്പം അകലമുണ്ടായിരുന്നു എന്നാണ്. [49]റോബർട്ട് എൽ. തോമസ്, എഡി., ആന്റ് സ്റ്റാൻലി എൻ. ഗണ്ട്രി, അസോസിയേറ്റി. എഡി., *എ ഹാർമണി ഓഫ് ദ ഗോസ്പെൽസ്* (ഷിക്കാഗോ, മൂഡി പ്രസ്, 1978), 329. അത് ഒരു നിയമവിരുദ്ധമായ സെഷൻ ആയിരുന്നേക്കാം (ഈ പുസ്തകതത്തിൽ അവസാനം വരുന്ന "*നിങ്ങളുടെ* നിർണ്ണയം എന്ത്?" എന്നതു നോക്കുക). ഏതെങ്കിലും ന്യായാധിപസഭാംഗം യേശുവിന് അനുകൂലമായിരിക്കുവാൻ സാധ്യതയില്ല (ഉദാഹരണത്തിന് നിക്കൊദേമൊസും അരിമത്ഥ്യക്കാരനായ യോസേഫും പോലെ [യോഹന്നാൻ 7:50; ലൂക്കൊസ് 23:50, 51]) അവരെ ഈ മീറ്റിങ്ങിലേക്ക് വിളിച്ചിരിക്കുവാനും സാധ്യതയില്ല. [50]റിച്ചാർഡ് റോജേഴ്സ്, *ദ ലൈഫ് ഓഫ് ക്രൈസ്റ്റ് ആന്റ് ഹിസ് ടീച്ചിങ്ങ്* (ലബ്ബക്ക്. ടെക്സ്.:സൺസെറ്റ് ഇന്റർനാഷണൽ ബൈബിൾ ഇൻസ്റ്റിടൂട്ട് എക്സ്റ്റേണൽ സ്റ്റഡീസ് ഡിപ്പാർട്ട്മെന്റ്, 1995), 95.

[51]യേശു സംസാരിച്ചത് ദൈവാലയത്തെ കുറിച്ചല്ല, തന്റെ ശരീരത്തെ കുറിച്ചാണെന്ന് ന്യായാധിപസഭയിലെ ചിലർക്കെങ്കിലും മനസിലായി കാണും (മത്തായി 27:63 നോക്കുക). എന്തു കാരണത്താലായാലും, യേശുവിന്റെ വിചാരണയിൽ ഈ കാര്യം അവർ തുടർന്നില്ല. എങ്ങനെയായാലും, അതേ ചർച്ച ന്യായാധിപസഭയിലേക്ക് സ്തെഫാനോസിനെ വലിച്ചിഴച്ച് കൊണ്ടുവന്നപ്പോഴുണ്ടായി (പ്രവൃത്തികൾ 6:13, 14 നോക്കുക). [52]അതുകൊണ്ട് കയ്യഫാവിനോടുള്ള യേശുവിന്റെ മറുപടി ആണയോടുകൂടിയതായിരുന്നു. യേശു ആണക്കെതിരായി സംസാരിച്ച ഉദാഹരണത്തിൽ (മത്തായി 5:34) ആഭ്യന്തര പ്രതിജ്ഞ ഉൾപ്പെടുന്നില്ല എന്നു ഓർമ്മിക്കുക. [53]"നിങ്ങൾ തന്നെ അതു പറഞ്ഞുവല്ലോ" എന്നാണ് മത്തായി രേഖപ്പെടുത്തിയത് (മത്തായി 26:64). "അതെ" എന്ന് മറ്റൊരു വിധത്തിൽ പറഞ്ഞതാണ്. യേശു മുൻപ് പരസ്യമായി താൻ ക്രിസ്തു തന്നെ എന്ന് ഏറ്റു പറയുകയുണ്ടായി (യെഹൂദ മശിഹക്കായി നോക്കി-പാർത്തിരുന്നത്) (യോഹന്നാൻ 5:17, 18; 10:30–39; മത്തായി 22:41–46), എന്നാൽ ആ ഉറപ്പിക്കലിന് മഹാപുരോഹിതന് സാക്ഷികളെ കിട്ടിയില്ല – അല്ലെങ്കിൽ, ചുരുങ്ങിയത്, യോജിക്കുന്ന സാക്ഷികളെ കിട്ടിയില്ല. [54]"നിങ്ങളുടെ നിർണ്ണയം എന്ത്?" എന്ന പാഠത്തിലെ ചർച്ച നോക്കുക. [55]കുട്ടികളുടെ ഒരു പുരാതന കളിയിൽ കണ്ണുകെട്ടിയ കുട്ടിയെ ആരാണ് തൊട്ടത്, ആരാണ് പറഞ്ഞത് എന്ന് ആ കുട്ടിയോട് ചോദിച്ചിരുന്നു. (ഞാൻ കുട്ടിയായിരുന്നപ്പോൾ ആ കളിയെ വിളിച്ചിരുന്നത് "ബ്ലൈന്റ് മാൻസ് ബ്ലഫ്" എന്നാണ്) യേശുവിന്റെ ശത്രുക്കൾ അവനോട് ചെയ്തത് വില-കുറഞ്ഞ ആത്മാവിന്റെ കളി പോലെയാണ്. [56]യേശുവിനെ *ന്യായാധിപസഭ* ശകാരിച്ചു എന്ന പ്രതീതിയാണ് മത്തായിയുടെ വിവരണം നൽകുന്നത്, എന്നാൽ ലൂക്കൊസ് തന്റെ വിവരണത്തിൽ *ഉദ്യോഗസ്ഥ*രെ ആണ് പഴിക്കുന്നത്. ഈ *രണ്ടു* കൂട്ടത്തിൽനിന്നും യേശുവിനോട് മോശമായി പെരുമാറി എന്നാണ് മർക്കൊസിന്റെ വിവരണത്തിലുള്ളത്. ഉദ്യോഗസ്ഥന്മാർ യേശുവിനോട് മോശമായി പെരുമാറിയപ്പോൾ അവർക്ക് അവനോടുള്ള ഭയം മാറിക്കാണും (യോഹന്നാൻ 18:6 നോക്കുക). ന്യായാധിപസഭയുടെ പ്രവൃത്തികളെ കുറിച്ചറിയണമെങ്കിൽ അവർ പിന്നീട് സ്തെഫാനോസിനോട് പെരുമാറിയതുമായി താരതമ്യം ചെയ്യുക (പ്രവൃത്തികൾ 7:54, 57, 58).